# ജഗ്ഗു

ആരാധ്യ.T.R

ഒരു കാട്ടിൽ ജഗ്ഗു എന്നൊരു ആനക്കുട്ടി ഉണ്ടായിരുന്നു. അവന് കൂട്ടുകാർ ആരും തന്നെ ഇല്ലായിരുന്നു. അവനെ കാണുമ്പോൾ എല്ലാവരും പേടിച്ച് ഓടി ഒളിക്കും. ഇത് കാണുമ്പോൾ ജഗ്ഗുവിന് സങ്കടമാകും. ഒരു ദിവസം അവൻ വെള്ളം കുടിക്കാൻ പുഴയിലേക്ക് പോയി. വെള്ളം കുടിക്കുന്നതിനിടയിൽ തന്റെ പ്രതിബിംബം വെള്ളത്തിൽ കണ്ട ജഗ്ഗു വിഷമത്തോടെ ഓർത്തു. എന്നെ കാണാൻ ഒരു ഭംഗിയും ഇല്ല അതുകൊണ്ടാവും ആരും എന്നോട് കൂട്ടുകൂടാത്തത്. പെട്ടെന്ന് ഒരു അണ്ണാൻ വെള്ളത്തിൽ കിടന്ന് പിടയുന്നത് അവൻ കണ്ടു. അതിന് നീന്താൻ കഴിയുന്നുണ്ടായിരുന്നില്ല. ഇതു കണ്ട ജഗ്ഗു വേഗം തന്നെ തന്റെ തുമ്പിക്കൈ അവനു നേരെ നീട്ടി. അവനെ വെള്ളത്തിൽ നിന്നും രക്ഷിച്ചു. തന്നെ രക്ഷിച്ച ജഗ്ഗുവിനോട് അണ്ണാൻ നന്ദി പറഞ്ഞു. അങ്ങനെ അണ്ണാനും ജഗ്ഗുവും നല്ല കൂട്ടുകാരായി. ജഗ്ഗുവിന്റെ സങ്കടവും മാറി.



# കാക്കക്കുയിൽ

കാക്കപ്പെണ്ണ് കൂട്ടിൽ മുട്ടയിട്ടു. ഒരു ദിവസം കാക്കപ്പെണ്ണിന് ഒരു തോന്നൽ മുട്ടകളിൽ ഒന്ന് എന്റെയല്ല. എന്റെ മുട്ട മാറി കള്ളിക്കുയിൽ അവളുടെ മുട്ട വച്ചുവെന്നും. കുയിലിനെ കാണുമ്പോഴൊക്കെ
അവൾ വഴക്കുകൂടും. കള്ളിക്കുയിൽ മിണ്ടാതെ മാറി നിൽക്കും.
കാക്കപ്പെണ്ണിന്റെ ദേഷ്യം അടങ്ങിയില്ല.

അങ്ങനെ കാക്കക്കൂട്ടിൽ മുട്ടകൾ വിരിഞ്ഞു.
കുഞ്ഞുങ്ങളെ കണ്ട കാക്കയ്ക്ക് സന്തോഷവും ദേഷ്യവും തോന്നി. അതിൽ ഒന്ന് തന്റെ കുഞ്ഞല്ല അവൾ കള്ളിക്കുയിലിനെ തിട്ടി വിളിച്ചു കുറെ വഴക്ക് പറഞ്ഞു.
കാക്ക: മടിച്ചി കുയിലേ കള്ളിക്കുയിലേ നിന്നെ ഞാനിന്ന് ശരിയാക്കും. ഇത് കേട്ട് കള്ളിക്കുയിൽ പറന്ന് പോയി. പക്ഷേ കുയിലിനോടുള്ള ദേഷ്യം കാക്ക കുഞ്ഞിനോട് കാണിച്ചില്ല അവൾ അവനെ ചേർത്ത് പിടിച്ചു.
അവളൊരു നല്ല അമ്മയായി.

ADHISH. K.S